**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **14-01-2021 - ൽ മറുപടിയ്ക്ക്**

**പിഴ ചുമത്തിയത് തിരിച്ച് നൽകണമെന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ഒരാൾ തന്റെ വീട് പണിയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചില്ലെങ്കിലും ടി വിവരം സെക്ഷൻ ഓഫീസിൽ രേഖാമൂലം അറിയിക്കാത്തതിനാൽ നിലവിൽ കരം ഒടുക്കി വന്ന ഗാർഹിക താരിഫ് മുൻകാല പ്രാബല്യം വച്ച് മാറ്റി നോൺ ഡൊമസ്റ്റിക് താരിഫ് ആക്കി മാറ്റുന്നതിന് മീറ്റർ റീഡർക്ക് അധികാരമുണ്ടോ; | (എ) | മീറ്റർ റീഡർക്ക് അധികാരമില്ല. എന്നാൽ 1991ലെ വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് ,16(a),16(b) പ്രകാരം ഒരു ഗാർഹിക കണക്ഷൻ നില നിൽക്കുന്ന വീട്ടിലോ, വീട് നിൽക്കുന്ന സ്ഥലപരിസരത്തോ ഒരു ഗാർഹികേതര ഉപയോഗം നടത്തണമെങ്കിൽ ഉപഭോക്താവ് രേഖാമൂലം കേരള വാട്ടർ അതോറിറ്റിയിൽ അറിയിച്ച് അനുമതി നേടേണ്ടതാണ്. രേഖാമൂലം അറിയിക്കാതെ കണക്ഷൻ നിലനിൽക്കുന്ന വീട് പൊളിക്കുകയോ പുതിയ നിർമ്മാണ പ്രവർത്തികൾ നടത്തുകയോ ചെയ്യുന്നത് മീറ്റർ റീഡർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ഗാർഹികേതര ഉപയോഗം ശ്രദ്ധയിൽ പെട്ടത് മുതൽ നിലവിലെ താരിഫ് മാറ്റി ഗാർഹികേതര ഉപയോഗത്തിന്റെ താരിഫിലേയ്ക്ക് മാറ്റുന്നതിനുള്ള അധികാരമുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരത്തിൽ അധികാര ദുർവിനിയോഗം നടത്തി ഭീമമായ പിഴ ചുമത്തിയത് തിരിച്ച് നൽകണമെന്ന് കാണിച്ച് വകുപ്പ് മന്ത്രിക്ക് 2535/എം(ഡബ്ല്യൂ.ആർ.)വി.ഐ.പി/2020 നമ്പരായി 30/6/2020-ൽ നൽകിയ അപേക്ഷയിന്മേൽ ആറ് മാസ മായി സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ; | (ബി) | പിഴയൊന്നും ചുമത്തിയിട്ടില്ല . കാറ്റഗറി മാറ്റം മൂലം വെള്ളക്കരത്തിൽ വന്ന വർദ്ധനവ് മാത്രമാണ് ഈടാക്കിയിട്ടുള്ളത് . ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിക്ക് ഉപഭോക്താവ് പരാതി നൽകുന്നതിന് മുൻപ് തന്നെ ഗാർഹിക വിഭാഗത്തിലേക്ക് തിരികെ മാറ്റുന്നതിനുള്ള അപേക്ഷ ടി ഉപഭോക്താവ് ബന്ധപ്പെട്ട ഓഫീസിൽ നൽകുകയും അതിൻപ്രകാരം 20/05/2020ൽ സ്ഥല പരിശോധന നടത്തി ഗാർഹിക വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർക്ക് മറ്റ് ഇളവുകളൊന്നും അനുവദനീയമല്ലാത്തതിനാൽ മറ്റ് നടപടി കളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | ടി അപേക്ഷകന്റെ മേൽ പിഴ ചുമത്തപ്പെട്ട മുൻ മാസത്തെ ദ്വൈമാസ ജല ഉപയോഗത്തിൽ നിന്ന് പിഴ ചുമത്തിയ മാസത്തിൽ എത്ര യൂണിറ്റാണ് അധികം ഉപയോഗിച്ചതായാണ് കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയത്; പ്രസ്തുത അപേക്ഷകൻ | (സി) | ഈ കാലയളവിൽ മുൻ മാസങ്ങളിലേക്കാൾ കൂടുതൽ ഉപയോഗം വന്നിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതിനാൽ ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റുക മാത്രമാണ് ചെയ്തത്. അതിന് ശേഷം ഉപഭോക്താവിന്റെ അപേക്ഷ പ്രകാരം ഗാർഹിക |

| | | | |
|---|---|---|---|
| | നിരവധി തവണ മണക്കാട് കുര്യാത്തി സെക്ഷൻ ഓഫീസിൽ തന്റെ നിരപരാധിത്വം ബോധിപ്പിച്ചെങ്കിലും ടി മീറ്റർ റീഡർ റിപ്പോർട്ട് ചെയ്തതിനാൽ പിഴ ഒടുക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | | വിഭാഗത്തിലേക്ക് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട് ഗാർഹികേതര നിരക്കിൽ ചാർജ്ജ് ഈടാക്കിയതൊഴികെ മറ്റ് പിഴകളൊന്നും ഈടാക്കിയിട്ടില്ല . |
| (ഡി) | കുറ്റക്കാരനല്ലെങ്കിൽ പിഴ ഒടുക്കേണ്ടി വന്നതു മൂലമുള്ള തുകയുടെ സാമ്പത്തിക നഷ്ടം തിരികെ അപേക്ഷകന് ലഭിക്കുന്നതിന് അർഹതയുണ്ടോ; എങ്കിൽ ഉടൻ പ്രാബല്യത്തോടെ അത് നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; എങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഗാർഹികേതര ഉപയോഗം കണ്ടെത്തിയ കാലഘട്ടത്തിൽ കണക്ഷൻ കാറ്റഗറി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കാറ്റഗറി മാറ്റം മൂലം വെള്ളക്കരത്തിൽ വന്ന വർദ്ധനവ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പിഴയൊന്നും ഈടാക്കിയിട്ടില്ല . |

സെക്ഷൻ ഓഫീസർ